# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **930** — **06.06.2018**-ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. വി. അബ്ദുൾഖാദർ :**<br>**ശ്രീ. വി. ജോയി :**<br>**ശ്രീ. എ. എൻ. ഷംസീർ :**<br>**ശ്രീ. ജോൺ ഫെർണാണ്ടസ് :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രധാന വായ്പാ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ; | (ബി) കോർപ്പറേഷന്റെ പ്രധാന വായ്പാ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോർപ്പറേഷൻ എത്ര കോടി രൂപയുടെ വായ്പ വിതരണം നടത്തിയിട്ടുണ്ട് ; | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2018 മെയ് 30 വരെയുള്ള കണക്കുകൾ പ്രകാരം 770.70 കോടി രൂപ വായ്പാ വിതരണം നടത്തിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത കോർപ്പറേഷന് ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ഡി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ കേരളത്തിലെ ചാലക ഏജൻസിയാണ്. ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികൾ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴിയാണ് കേരളത്തിൽ പ്രധാനമായും നടപ്പിലാക്കിവരുന്നത്. മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ 25 വർഷത്തെ പ്രവർത്തന ചരിത്രത്തിലെ ഏറ്റവും മികച്ച സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസിക്കുള്ള രജത ജൂബിലി പുരസ്കാരം (2016-17) ഉൾപ്പെടെ പതിനൊന്നോളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (ഒ.ബി.സി) പദ്ധതികൾ - NBCFDC പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|---|
| 1 | സ്വയം തൊഴിൽ പദ്ധതി (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| 2 | വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ) (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 1 ലക്ഷം രൂപ | 5 % |
| 3 | വിദ്യാഭ്യാസ വായ്പാ പദ്ധതി (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% |
| 4 | ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS -കൾക്ക് പരമാവധി 1 കോടി രൂപ<br>NGO -യ്ക്ക് പരിധി ഇല്ല | NGO/CDS – 3.5%<br>SHG -യ്ക്ക് - 5% |
| 5 | മഹിളാ സമൃദ്ധി യോജന ( വനിതകൾക്കുള്ള ലഘു വായ്പ) (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS -കൾക്ക് പരമാവധി 1 കോടി രൂപ | CDS – 2.5%<br>SHG -യ്ക്ക് - 4% |
| 6 | റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| | | **പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |

(.....2)

**മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) - NMDFC പദ്ധതികൾ**

| ക്രമ നം. | പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|---|
| 1 | സ്വയം തൊഴിൽ പദ്ധതി - 1<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ | 6% |
| 2 | സ്വയം തൊഴിൽ പദ്ധതി - 2<br>(6,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3 | ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS/NGO –50 ലക്ഷം രൂപ | NGO/CDS – 3.5%<br>SHG -യ്ക്ക് - 5% |
| 4 | വിദ്യാഭ്യാസ വായ്പാ പദ്ധതി - 1<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | 3% |
| 5 | വിദ്യാഭ്യാസ വായ്പാ പദ്ധതി - 2<br>(6,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 30 ലക്ഷം രൂപ (പ്രതിവർഷം 6 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 8%<br>പെൺകുട്ടികൾക്ക് - 5% |
| 6 | റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ<br>**പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | NMDFC സ്വയം തൊഴിൽ പദ്ധതി - 1, 2 എന്നിവയ്ക്ക് സമാനം |

(.....3)

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ (ഒ.ബി.സി. - മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്)

| ക്രമ നം. | പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|---|
| 1 | പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 6.00% |
| 2 | സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) (6,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 9.00% |
| 3 | പ്രവർത്തന മൂലധന വായ്പ (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 8.00% |
| 4 | ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9.00% |
| 5 | വിദ്യാശ്രീ വായ്പ (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 6.00% |
| 6 | വാഹന വായ്പ (8,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 6 ലക്ഷം രൂപ | 9.00% |
| 7 | ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥഗൃഹ) (8,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 10.00% |
| 8 | വ്യക്തിഗത വായ്പ (8,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 11.00% |
| 9 | എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി - 1) (1,20,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 7.50% |
| 10 | എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി - 2) (3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 6.00% |

സെക്ഷൻ ഓഫീസർ